# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2356*

*09/03/2018-ലെ മറുപടി*

### കൊല്ലം കനാൽ പുനരുദ്ധാരണം നിലയ്ക്കാനുള്ള കാരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. മുകേഷ് | | മാത്യു. ടി. തോമസ് ( ജലവിഭവ വകുപ്പ് മന്ത്രി ) | |
| (എ) | കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രവർത്തികൾ പൂർണ്ണമായും നിലയ്ക്കാനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ ; | (എ) | സംസ്ഥാന ജലപാതയുടെ ഭാഗമായ കൊല്ലം തോടിന്റെ പ്രവൃത്തികൾ ആറു റീച്ചുകളിലായി നടപ്പിലാക്കുന്നതിൽ ആറാം റീച്ചിന്റെ പണി പൂർത്തിയായിട്ടുള്ളതും 2, 3 റീച്ചുകളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി സാങ്കേതികാനുമതിക്കുള്ള നടപടികളെടുത്തുവരികയുമാണ്. 1, 4, 5 റീച്ചുകളിലെ പ്രവൃത്തികൾക്കുള്ള കരാർ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരുന്നത്. ടി പ്രവൃത്തിയുടെ കരാർ കാലാവധി പലതവണ ദീർഘിപ്പിച്ചു നൽകുകയും അവസാനമായി 31/03/2018 വരെ ദീർഘിപ്പിച്ചു നൽകി എങ്കിലും നാമമാത്രമായ പുരോഗതി മാത്രമേ കൈവരിച്ചിട്ടുള്ളൂ. 12/02/2018 തീയതിയിലെ ജലപാതാ വികസനം സംബന്ധിച്ച ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ കൊല്ലം തോടിന്റെ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി പുനരവലോകനം ചെയ്ത് ആവശ്യമെങ്കിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡുമായുള്ള കരാർ അവസാനിപ്പിക്കുന്നതിനും വർക്ക് റീ അറേഞ്ച് ചെയ്യുന്നതിനും തീരുമാനമായിട്ടുണ്ട്. |

**(ബി)** പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോയെന്നും കരാറിലെ റിസ്ക് & കോസ്റ്റ് സംബന്ധിച്ച വ്യവസ്ഥ എന്താണെന്നും അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

**(ബി)** 31/03/2018 വരെ പ്രവർത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നുവെങ്കിലും പണികൾ പൂർണ്ണമായും നിലച്ച പോകുന്ന അവസ്ഥ വന്നതിനാൽ കരാറുകാരനെ Risk & Cost -ൽ പ്രവൃത്തിയിൽ നിന്ന് ടെർമിനേറ്റ് ചെയ്യുന്നതിനു മുന്നോടിയായി കത്ത് നൽകിയിട്ടുണ്ട്. Risk & Cost -ൽ ടെർമിനേറ്റ് ചെയ്താൽ പിന്നീട് പ്രസ്തുത പ്രവൃത്തി പുന:ക്രമീകരിക്കുമ്പോൾ ഏതെങ്കിലും തരത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വന്നാൽ അത് ടെർമിനേറ്റ് ചെയ്യപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കും എന്നതാണ് കരാറിലെ Risk & Cost വ്യവസ്ഥ.

**സെക്ഷൻ ഓഫീസർ**